കളിക്കടവ്, മണക്കായിക്കടവ് പാലങ്ങളുടെ നിർമ്മാണം

365 (1450) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മട്ടന്നൂർ നിയോജക മണ്ഡലത്തിലുൾപ്പെട്ടതും ഭരണാനുമതി ലഭിച്ചിട്ടില്ലാത്തതുമായ കളിക്കടവ് പാലം, മണക്കായിക്കടവ് പാലം എന്നിവയുടെ നിർമ്മാണത്തിന് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ നിലവിൽ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

മട്ടന്നൂർ നിയോജക മണ്ഡലത്തിലെ കളിക്കടവ് പാലം നിർമ്മാണത്തിനുള്ള ഡിപ്പോസിറ്റ് വർക്കായി ഉൾപ്പെടുത്തി. മണക്കായിക്കടവ് പാലത്തിന്റെ നിശ്ചയിച്ച എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

അക്കിക്കാവ് കടങ്ങോട് റോഡ് നിർമ്മാണം

366 (1451) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ പി.ഡബ്ല്യു.ഡി. സെക്ഷനു കീഴിൽവരുന്ന അക്കിക്കാവ് കടങ്ങോട് റോഡ് ഏതൊക്കെയാണ് പി.ഡബ്ല്യു.ഡി. ഏറ്റെടുത്തത് ; വ്യക്തമാക്കുമോ;

(ബി) തൃശ്ശൂർ കുറ്റിപ്പുറം പി.ഡബ്ല്യു.ഡി റോഡിനെയും ചാവക്കാട് വടക്കാഞ്ചേരി പി.ഡബ്ല്യു.ഡി. റോഡിനെയും ബന്ധിപ്പിക്കുന്നതും വർദ്ധിച്ച ഗതാഗത തിരക്കുള്ളതുമായ അക്കിക്കാവ്-കടങ്ങോട് പി.ഡബ്ല്യു.ഡി. റോഡ് തകർന്ന് ഗതാഗതത്തിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത റോഡ് നിരന്തരം ടാറിംഗ് നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 14-8-2009-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 52/2009/പൊ.മ.വ. പ്രകാരം പ്രസ്തുത റോഡ് പി.ഡബ്ല്യു.ഡി. ഏറ്റെടുത്തിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) പ്രസ്തുത പ്രവൃത്തി ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനായി 1200 രൂക്ഷതയിന്റെ പ്രൊപ്പോസൽ സർക്കാർ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly